**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3115 23/03/2015-ൽ മറുപടിയ്ക്ക്

# നിറവ് കാർഷിക പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.സി വിഷ്ണുനാഥ്** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) നിറവ് കാർഷിക പദ്ധതിയുടെ ഭാഗമായി ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങളും പദ്ധതി രേഖകളും വ്യക്തമാക്കുമോ; | എ) നിറവ് കാർഷിക പദ്ധതിയുടെ ഭാഗമായി ആർ.കെ.വി.വൈ പദ്ധതിയിൽ അംഗീകരിച്ച് ചുവടെ പറയുന്ന പദ്ധതികൾ ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ 2013-14-ൽ നടപ്പിലാക്കി.<br>1. ജാതി കൃഷി വികസനം 3750 എണ്ണം 7.5 ലക്ഷം<br>2. വെറ്റില കൃഷി വികസനം 3000 എണ്ണം 75 ലക്ഷം<br>ആകെ 82.5 ലക്ഷം |
| ബി) കൃഷി വകുപ്പിന്റെ ഏതെല്ലാം പദ്ധതികൾ ആണ് ചെങ്ങന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ; | ബി) 2014-15-ൽ കൃഷി വകുപ്പിന്റെ ചുവടെ പറയുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികളാണ് ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി വരുന്നത്.<br>1. ഗ്രൂപ്പ് ഫാമിംഗ്.<br>2. പച്ചക്കറി വികസന പദ്ധതി.<br>3. തെങ്ങു കൃഷി വികസന പദ്ധതി.<br>4. അഗ്രോ സർവ്വീസ് സെന്റർ.<br>5. കാർഷിക കർമ്മസേന. |

6. സുഗന്ധ വ്യഞ്ജനവിളകളുടെ വികസനം.

7. വിള ആരോഗ്യ പരിപാലനം.

8. മണ്ണിന്റെ ആരോഗ്യ പരിപാലനം.

9. ബയോഗ്യാസ് വികസന പദ്ധതി.

10. സംയോജിത കൃഷിത്തോട്ടം.

11. കാർഷിക വിജ്ഞാന വ്യാപനം ശാക്തീകരണം.

12. ആർ.കെ.വി.വൈ

സി) പ്രസ്തുത പദ്ധതികളിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കമോ;

സി) പഞ്ചായത്ത് തല കാർഷിക വികസന സമിതിയിൽ പദ്ധതികളുടെ മാനദണ്ഡം വ്യക്തമാക്കി കൊണ്ട് ജന പങ്കാളിത്തത്തോടെയാണ് പ്രസ്തുത പദ്ധതികളിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നത്.

ഡി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ കൃഷിഭവനുകളുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

ഡി) ചെങ്ങന്നൂർ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ വരുന്ന 11 കൃഷി ഭവനുകളുടെയും പ്രവർത്തനം ജില്ലാതലത്തിൽ അവലോകനം ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ